LIBRARY ARCHIVES Kerala Legislative Assembly

കേരള ജല അതോറിറ്റിയെക്കുറിച്ച് സാങ്കേതിക പഠനം

*11 (411) ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ഡോ. തോമസ് ഐസക്:
ശ്രീ. മത്തായി ചാക്കോ:
ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റിയെക്കുറിച്ച് സാങ്കേതിക പഠനം നടത്തുന്നതിനായി ഏതെങ്കിലും ഏജൻസിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കാര്യങ്ങളെക്കുറിച്ച് പഠിക്കുവാനാണ് അവരെ ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ബി) പഠനം നടത്തിയ ഏജൻസി ഏതാണെന്ന് വ്യക്തമാക്കാമോ; പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) പഠനം നടത്തിയ ഏജൻസി ഏതെങ്കിലും കൺസൾട്ടൻസിയെ ഏർപ്പെടുത്തുകയുണ്ടായോ;

(ഇ) റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ശുപാർശകളാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ ആന്റ് ബി) സംസ്ഥാനത്തെ കുടിവെള്ള മേഖല സംബന്ധിച്ച് ഒരു വീക്ഷണവും നയസമീപനവും രൂപീകരിക്കുന്നതിന് സംസ്ഥാന സർക്കാരിന് സാങ്കേതിക സാഹായം നൽകുന്നതിന്റെ ഭാഗമായി 'വാട്ടർ ആന്റ് സാനിറ്റേഷൻ സൗത്ത് ഏഷ്യ' നടത്തുന്ന പഠനങ്ങളുടെ ഭാഗമായി അതിന്റെ ആദ്യ ഘട്ടമായി കേരള വാട്ടർ അതോറിറ്റിയുടെ ഇപ്പോഴത്തെ സാമ്പത്തിക കാര്യങ്ങളും പ്രവർത്തനവും സംബന്ധിച്ച് പഠനം Crisil Advisory Services-നെ കൊണ്ട് നടത്തിക്കുകയും അതിന്റെ റിപ്പോർട്ട് സർക്കാരിന് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) മുകളിൽ പറഞ്ഞ പഠനത്തിന്റെ പ്രധാന കണ്ടെത്തലുകളും ശുപാർശകളും അനുബന്ധമായി കൊടുത്തിട്ടുണ്ട്. †

(ഡി) Crisil Advisory Services-നെ കൊണ്ടാണ് പഠനം നടത്തിയത്.

(ഇ) പഠനങ്ങളുടെ ഒന്നാം ഘട്ടം സംബന്ധിച്ച റിപ്പോർട്ടാണ് ലഭിച്ചിട്ടുള്ളത്. ഈ പഠനങ്ങളും കേരള വാട്ടർ അതോറിറ്റിയിൽ ഏർപ്പെടുത്തുന്ന പരിഷ്കാര നടപടികൾ സംബന്ധിച്ച തീരുമാനങ്ങളെടുക്കുമ്പോൾ സഹായകരമാകുമെന്ന് കരുതുന്നു.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.